# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1536 | 06/03/2020-ലെ മറുപടിയ്ക്ക്

**കോളേജുകളുടെയും സർവ്വകലാശാലകളുടെയും പശ്ചാത്തല സൗകര്യവികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. കെ.ഡി. പ്രസേനൻ**<br>**ശ്രീ. കെ.സുരേഷ് കുറുപ്പ്**<br>**പ്രൊഫ. കെ.യു. അരുണൻ** | **ഡോ. കെ.ടി. ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കോളേജുകളുടെയും സർവ്വകലാശാലകളുടെയും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ/പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി റൂസ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>• റൂസ 1-ാം ഘട്ടത്തിന്റെ ഭാഗമായി കേരളത്തിലെ ആറു യൂണിവേഴ്സിറ്റികൾക്ക് ഘടകം 3 പ്രകാരം 20 കോടി രൂപ വീതവും ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾക്ക് ഘടകം 7 പ്രകാരം 2 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി.<br>• റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഘടകം 9 പ്രകാരം കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 113 കോളേജുകൾക്ക് 2 കോടി രൂപ വീതം ഫണ്ട് നല്കുന്ന പദ്ധതിയും സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളെ വീഡിയോ കോൺഫറൻസിങ്ങ് സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്ന പദ്ധതിയും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് കോളേജുകളിൽ 'സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ' ആരംഭിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 48 സർക്കാർ ആർട്സ് & സയൻസ് കോളേജു |

| | | | |
|---|---|---|---|
| | | | കൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും പ്രഖ്യാപിച്ചിരുന്നു. ആയത് പ്രകാരം 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്.<br><br>2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Infrastructure Upgradation, Development & Maintenance of Govt Colleges 4202-01-203-72" (ക്യാപിറ്റൽ) ശീർഷകത്തിൽ 30 കോടി രൂപയും "Quality Enhancement & Accreditation 4202-01-203-71" (ക്യാപിറ്റൽ) ശീർഷകത്തിൽ 10 കോടി രൂപയും "Infrastructure Upgradation, Development & Maintenance of Govt Colleges 2202-02-103-50" (റവന്യൂ) ശീർഷകത്തിൽ 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Development of Libraries, Laboratories & Furniture 2202-03-103-76" (റവന്യൂ) ശീർഷകത്തിൽ 7.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2202-03-103-70 ASSET MAINTENANCE FUND ശീർഷകത്തിൽ 16,81,70,000/- രൂപ വകുപ്പിന് കീഴിലുള്ള സ്ഥാപന ങ്ങളിലെ നിലവിലുള്ള asset-ന്റെ maintenance-നും അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലൂടെ സർക്കാർ കോളേജുകളുടെ അക്കാദമികവും ഭൗതികവുമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ ഊർജ്ജിതമായി നടന്നുവരുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിങ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സർവ്വകലാശാലകളിലും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വിവിധ പദ്ധതികൾ നടന്നു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സർവ്വകലാശാലകൾ പരീക്ഷകളും ഫലപ്രഖ്യാപനവും യഥാസമയത്തും ഏകീകൃതമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ, | (ബി) | പരീക്ഷാനടത്തിപ്പ് സുഗമമാക്കുന്നതിനും, റിസൾട്ട് വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾക്കനുസൃതമായി സർവ്വകലാശാലകൾ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും യഥാസമയം നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |
| (സി) | ഇതിനായി നൂതന സാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ, | (സി) | ഇതിനായി ഇ-ഗവേണൻസ് പദ്ധതി, മൊബൈൽ ആപ്പ്, വീഡിയോ കോൺഫറൻസിംഗ്, E-Platforms for Teaching and Learning (Joomla, G-Suite with people Classrooms, Mooc, online courses, E-contents) തുടങ്ങിയവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>വിവിധ സർവ്വകലാശാലകളിൽ പരീക്ഷകളുടെ രജിസ്ട്രേഷൻ, അപേക്ഷകൾ സമർപ്പിക്കൽ, ഫീസ് ഒടുക്കൽ, തുടങ്ങിയവ ഓൺലൈനായി നടത്തുന്നുണ്ട്. മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഓൺലൈനിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ വ്യക്തിഗത ലോഗിൻ വിവരം ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് റിസൽട്ടുകൾ കാണുവാനും മാർക്ക് ലിസ്റ്റുകൾ ഡൗൺലോഡ് ചെയ്യുവാനുള്ള സൗകര്യം, പരീക്ഷ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മുഖേന അറിയിക്കുക, പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓൺലൈനായി കോളേജുകളിൽ എത്തിക്കുക തുടങ്ങിയ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.<br>മാർക്കുകൾ കമ്പ്യൂട്ടറൈസ്ഡ് ആയി ടാബുലേറ്റ് ചെയ്യുകയും ഇന്റേണൽ മാർക്കുകൾ ഓൺലൈനായി സർവ്വകലാശാല പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്യുകയും ചെയ്യുന്നുണ്ട്. പുനർമൂല്യനിർണ്ണയത്തിനായി പ്രത്യേക പോർട്ടൽ സജ്ജീകരിക്കുകയും ടി റിസൽട്ടുകൾ വെബ് സൈറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. സെമസ്റ്റർ മാർക്ക് ലിസ്റ്റുകൾ പരീക്ഷാഫലത്തോടൊപ്പം ഓൺലൈനായി ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഉത്തരക്കടലാസുകളുടെ സൂക്ഷിപ്പിനും തിരിച്ചെടുക്കലിനുമായി ഓട്ടോമാറ്റിക് സ്റ്റോറേജ് & റിട്രീവൽ സിസ്റ്റം നടപ്പിലാക്കാൻ കാലിക്കറ്റ് സർവ്വകലാശാലയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കുന്നതിനും അക്കാദമിക സ്ഥാപനങ്ങളുടെ പുനർനവീകരണത്തിനും കോളേജുകളിൽ അക്കാദമിക സ്വയംഭരണം കൊണ്ടുവരുന്നതിനുമായി സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കുന്നതിന്റെ ഭാഗമായി യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള നിലവാരങ്ങൾ ഉൾക്കൊള്ളുന്നതിന് യു.ജി.സി. റെഗുലേഷൻസ് **2010** അനുസൃതമായി കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിലുള്ള സ്വയംഭരണ കോളേജുകൾക്ക് പുറമേ പുതിയ കോളേജുകൾക്ക് സ്വയംഭരണം നൽകുന്നത് സംബന്ധിച്ച സർവ്വകലാശാല നിയമം (മൂന്നാം ഭേദഗതി) ആക്ട് **2014** ഭേദഗതി ചെയ്തതിനു ശേഷം തീരുമാനമെടുക്കാവുന്നതാണെന്ന് **01/06/2019**-ലെ ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം തീരുമാനമെടുത്തിട്ടുണ്ട്. |

Rakesh

സെക്ഷൻ ഓഫീസർ